പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1464 | 03.05.2017- ൽ താൽക്കാലിക മറുപടി നൽകിയത് |
|---|---|
| **സർക്കാർ വകുപ്പുകളിൽ ഉദ്യോഗ സംവരണം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.രാജു എബ്രഹാം** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാന സർവ്വീസിലെ ഉദ്യോഗസ്ഥരുടെ ജാതി തിരിച്ചുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; | (എ) ഇല്ല |
| ബി) സംസ്ഥാന സർക്കാർ വകുപ്പുകളിൽ എസ്.സി., എസ്.ടി., പിന്നാക്ക വിഭാഗങ്ങൾക്ക് എത്ര ശതമാനം വീതമാണ് ഉദ്യോഗ സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്; | (ബി) സംസ്ഥാന സർക്കാർ വകുപ്പുകളിൽ എസ്.സി/ എസ്.ടി വിഭാഗങ്ങൾക്ക് 8%വും എസ്.ടിയ്ക്ക് മാത്രമായി 2%വും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് (ഒ.ബി.സി) 40%വും സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഓരോ വകുപ്പിലും ഓരോ കാറ്റഗറിയിലും എസ്.സി.,എസ്.ടി. വിഭാഗങ്ങൾക്ക് ഇത്ര ശതമാനം എന്ന നിലയിൽ ഉദ്യോഗത്തിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; അതോ എൻട്രി കേഡറുകളിൽ മാത്രമാണോ ഈ സംവരണമുള്ളത്; | (സി) എൻട്രി കേഡറിലാണ് സംവരണമുള്ളത്.കൂടാതെ വകുപ്പ് തലവന്മാർ ഓരോ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി നൽകുന്ന വാർഷിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ വകുപ്പിലും ഗസറ്റഡ്,നോൺ-ഗസറ്റഡ്,ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് നിശ്ചയിക്കപ്പെട്ട മതിയായ പ്രാതിനിധ്യമുണ്ടോ എന്ന് പരിശോധിക്കുകയും, മതിയായ പ്രാതിനിധ്യം ഇല്ലായെങ്കിൽ മേല്പറഞ്ഞ കാറ്റഗറികളിൽ വകുപ്പ് തലവന്മാർ നിർദ്ദേശിക്കുന്ന ഏത് തസ്തികയിലേയ്ക്കും പ്രത്യേക നിയമനം നൽകി പ്രാതിനിധ്യമുറപ്പാക്കാറുണ്ട്.<br>പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ട് നിയമനം നടത്തുന്ന ഏതൊരു സർവ്വീസ്/ ക്ലാസ്/ വിഭാഗം/ ഗ്രേഡ്-ലേയും നിശ്ചിത എണ്ണം തസ്തികകൾ എസ്.സി,എസ്.ടി വിഭാഗക്കാർക്കായി നീക്കി വയ്ക്കാൻ കേരള സ്റ്റേറ്റ് &സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം II ചട്ടം 17A പ്രകാരം സർക്കാരിന് അധികാരമുണ്ട്. |

| | |
|---|---|
| (ഡി)സംസ്ഥാന സർക്കാർ വകുപ്പുകളിൽ എസ്.സി.,എസ്.ടി. വിഭാഗങ്ങളുടെ ഉദ്യോഗ പ്രാതിനിധ്യം പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് ഉള്ളത്; അഖിലേന്ത്യാ സർവ്വീസൊഴികെ, സംസ്ഥാന സർക്കാർ വകുപ്പുകളിലെ ക്ലാസ് I , ക്ലാസ്II , ക്ലാസ്III തസ്തികകളിൽ ജോലി ചെയ്യുന്ന ആകെ ഉദ്യോഗസ്ഥരുടെ എണ്ണം എത്ര; ഇതിൽ എത്ര എസ്.സി.,എസ്.ടി., മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നവരുണ്ട് എന്ന് വ്യക്തമാക്കാമോ; | (ഡി)വിവിധ സർക്കാർ വകുപ്പുകളിൽ എസ്.സി/എസ്.ടി വിഭാഗങ്ങളുടെ ഉദ്യോഗ പ്രാതിനിധ്യം അവലോകനം ചെയ്യുന്നതിനായി പൊതുഭരണ വകുപ്പിന് കീഴിൽ 'എംപ്ളോയ്മെന്റ് സെൽ' എന്ന വകുപ്പ് നിലവിലുണ്ട്. ഈ വകുപ്പ് സർക്കാർ സർവ്വീസിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രാതിനിധ്യം അവലോകനം ചെയ്യുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.<br>2017-ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്ന ആകെ ജീവനക്കാരുടെ എണ്ണം 4,95,969 ആണ്. വകുപ്പുകളിലെ 2011 വരെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം മാത്രമേ പൂർത്തിയായിട്ടുള്ളൂ എന്നതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇപ്പോഴത്തെ ആകെ പ്രാതിനിധ്യം ലഭ്യമല്ല. മറ്റ് പിന്നോക്ക വിഭാഗങ്ങളുടെയും ആകെ പ്രാതിനിധ്യം ക്രോഡീകരിച്ചിട്ടില്ല. |
| (ഇ) ക്ലാസ്സ് I മുതൽ ക്ലാസ്സ് III വരെയുള്ള തസ്തികകളിൽ മതിയായ എണ്ണം എസ്,സി., എസ്.ടി. വിഭാഗക്കാരില്ലെങ്കിൽ, പ്രത്യേക റിക്രൂട്ട്മെന്റിലൂടെ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ)എല്ലാ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാരെ ഗസറ്റഡ്,നോൺ-ഗസറ്റഡ്,ലാസ്റ്റ് ഗ്രേഡ് എന്നീ വിഭാഗങ്ങളായി തിരിച്ച് ഓരോ വിഭാഗത്തിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിയമാനുസൃതമായ പ്രാതിനിധ്യമുണ്ടോ എന്ന് പരിശോധിക്കുകയും, കുറവ് കണ്ടെത്തിയാൽ പ്രത്യേക നിയമനം നടത്താനായി തസ്തികകൾ റിസർവ്വ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു വരുന്നുണ്ട്. |

Sasendra

സെക്ഷൻ ഓഫീസർ